പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1771 06.03.2017-ലെ മറുപടിക്ക്

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ**

ചോദ്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ കാസർഗോഡ് ഡിപ്പോയിൽ നിന്നും പുതിയതായി സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല. |
| (ബി) | കാസർഗോഡ് ചേരങ്കൈ കടപ്പുറത്തേക്ക കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് വേണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിരുന്നോ എന്നും പ്രസ്തുത ആവശ്യം ഉന്നയിച്ചവർക്ക് നൽകിയ മറുപടി എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ചേരങ്കൈ കടപ്പുറത്തേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് വേണമെന്ന് കാസർഗോഡ് എം.എൽ.എ ആവശ്യപ്പെട്ടിരുന്നു. ജീവനക്കാരുടെ കുറവും ഷോട്ട് വീൽ ബസ്സിന്റെ ലഭ്യതക്കുറവുമാണ് ഇതിന് കാരണമെന്ന് മറുപടി നൽകിയിരുന്നു. |
| (സി) | ചേരങ്കൈ കടപ്പുറത്തേക്ക എപ്പോൾ സർവ്വീസ് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഷോട്ട് വീൽ ബസ്സ് ലഭ്യമാകുന്ന മുറക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ